**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 233 **06.02.2018**-ലെ മറുപടിക്ക്

## വിജ്ഞാൻ വാടി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ. പുരുഷൻ കടലുണ്ടി** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി യുവാക്കൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിനായി സർക്കാർ നടത്തിയ ഇടപെടലിന്റെ വിശദാംശം നൽകുമോ; | (എ) | വിദേശത്തേയ്ക്ക് തൊഴിൽ തേടി പോകുന്ന യുവതീ യുവാക്കൾക്ക് വിസ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി പ്രകാരം 2017-18 വർഷം ഇതുവരെ 256 പേർക്ക് ധനസഹായം അനുവദിച്ചു. കൂടാതെ IELTS/TOEFL, NEP (Nursing Eligibility Programme), Skill Training Programme for Oil and Rig എന്നിങ്ങനെ വിദേശത്ത് തൊഴിൽ നേടാൻ സഹായകമായ കോഴ്സുകളിലും വകുപ്പ് പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നതനുസരിച്ച് വിദേശത്ത് തൊഴിൽ ലഭ്യമാകുന്നതിനു വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. |
| (ബി) | അഭ്യസ്തവിദ്യരായ പട്ടികജാതി യുവാക്കളെ മത്സരപരീക്ഷയിലൂടെ ജോലി കരസ്ഥമാക്കുന്നതിന് പ്രാപ്തരാക്കാനായുള്ള വിജ്ഞാൻ വാടി പദ്ധതി ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | വിലയിരുത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | പട്ടികജാതിയിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനത്തിനും വൈദഗ്ദ്ധ്യ വികസനത്തിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ പരിശീലന പരിപാടികളിലൂടെ 2016-17-ൽ 3944 പേർക്കും 2017-18 വർഷം ഇതുവരെ 1634 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനായി എന്തൊക്കെ സഹായം നൽകി വരുന്നുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | 18 വയസ്സിനും 40 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള പട്ടികജാതി യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി ബാങ്ക് വായ്പാ തുകയുടെ മൂന്നിലൊന്ന് സബ്സിഡിയായി നൽകുന്നു. ഇപ്രകാരം നൽകുന്ന പരമാവധി വായ്പാ സബ്സിഡി നിലവിൽ 1 ലക്ഷം രൂപയാണ്. സ്റ്റാർട്ട്-അപ് മിഷനിലൂടെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭം തുടങ്ങുന്നതിനും start-up dreams എന്ന പേരിൽ പരിശീലനം നൽകുകയും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ധനസഹായവും അനുവദിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ